(സി) മേൽപ്പറഞ്ഞ രണ്ടു കേസുകളിലേയും ഒന്നാം പ്രതിയെ അറസ്റ്റു ചെയ്തിട്ടുണ്ട്.

(ഡി) ഇതുവരെയുള്ള അന്വേഷണത്തിൽ ഇക്കാര്യങ്ങളൊന്നും വെളിവായിട്ടില്ല. കേസ് കൂടുതലായി അന്വേഷിച്ചുവരുന്നു.

ഗുണ്ടാ മാഫിയ സംഘങ്ങളെ നിയന്ത്രിക്കാൻ നടപടി

54 [1528] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കത്തിക്കരിഞ്ഞ മൃതദേഹങ്ങൾ കണ്ട സംഭവം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗുണ്ടാ മാഫിയ സംഘങ്ങളുടെ പങ്കിനെക്കുറിച്ച് അന്വേഷിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ വിഷയത്തെക്കുറിച്ച് അന്വേഷണം നടത്തിയതിൽ ഗുണ്ടാ മാഫിയാ സംഘങ്ങളുടെ പ്രവർത്തനം ശ്രദ്ധയിൽ പെട്ടിട്ടില്ല. എന്നാൽ സംഘടിത അക്രമ പ്രവർത്തകർ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ചുവരുന്നു.

വാനില വള്ളികളും വാനിലയും മോഷ്ടിക്കപ്പെടുന്ന സംഭവം

55 [1529] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഒരു പ്രധാന കൃഷിയായ വാനിലയുടെ വള്ളികളും വാനിലയും മോഷ്ടിക്കപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര കോടി രൂപയുടെ മോഷണം ഈ മേഖലയിൽ നടന്നിട്ടുണ്ട് എന്നതിന്റെ വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ മോഷണങ്ങൾ സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly